# Press Release

PR . 15/2019 31.01.2019

## മലബാർ കോഫിയ്ക്കും കാർബൺ ന്യൂട്രൽ വയനാടിനും പരിഗണന

ലോകത്തിലെ മികച്ച കാപ്പിക്കുരു കൃഷിചെയ്യുന്ന വയനാട്ടിലെ കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യം വച്ച് മലബാർ കോഫി എന്ന ബ്രാൻഡ് ലേബലിൽ കാപ്പിപ്പൊടി വിപണിയിലെത്തിക്കുവാൻ സംസ്ഥാന ബജറ്റിൽ പദ്ധതി വിഭാവനം ചെയ്തുകഴിഞ്ഞു. കിഫ്ബിയിൽ നിന്നുളള ഫണ്ട് ഉപയോഗിച്ച് 150 കോടിയുടെ മെഗാഫുഡ് പാർക്കും സംസ്കരണകേന്ദ്രവും ഇതിനായി സ്ഥാപിക്കുമെന്ന് ധനമന്ത്രി ബജറ്റ് അവതരണത്തിൽ വ്യക്തമാക്കി. സഹകരണമേഖലയ്ക്ക് മുൻതൂക്കം നൽകി കർഷകഉത്പാദന കമ്പനികളിലൂടെ പദ്ധതി മുന്നോട്ട് കൊണ്ടുപോകുവാനാണ് ഉദ്ദേശിക്കുന്നത്. കാപ്പിപ്പൊടിയുടെ പത്ത് ശതമാനം വിലയാണ് യഥാർത്ഥ കർഷകർക്ക് ഇപ്പോൾ ലഭിക്കുന്നത്. സംഭരണ സമയത്ത് തന്നെ കർഷകർക്ക് വില നൽകി ഇത് 20 ശമാനമാക്കി ഉയർത്തുവാനും പദ്ധതി ലക്ഷ്യമിടുന്നു. വയനാട്ടിലെ കാർബൺ ന്യൂട്രൽ മലനിരകളിൽ കൃഷിചെയ്യപ്പെടുന്ന കാപ്പി ലോകോത്തര നിലവാരമുളളതാക്കി ഉയർത്തുകയും ലോകവിപണി കണ്ടെത്തുകയുമാണ് ലക്ഷ്യം. വനവത്കരണം, വൃക്ഷങ്ങളുടെ ജിയോ-മാപ്പിംഗ് എന്നിവ നടപ്പിലാക്കി വയനാടിനെ കാർബൺ ന്യൂട്രൽ ജില്ലയാക്കി കാർബൺ ക്രെഡിറ്റ് സംവിധാനം പരമാവധി പ്രയോജനപ്പെടുത്തുവാനും മാതൃകാപദ്ധതി സജ്ജമാകുന്നുണ്ട്. വയനാട് കേന്ദ്രീകരിച്ചു കൊണ്ട് ആരംഭിച്ച പുഷ്പകൃഷി പ്രത്യേക കാർഷിക മേഖലാ വികസനം, കുരുമുളക് കൃഷി എന്നിവയ്ക്കായി 5 കോടിയും ബജറ്റിൽ മാറ്റി വച്ചിട്ടുണ്ട്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**